**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3508**

**25.06.2012 - ൽ മറുപടിയ്ക്ക്**

## സ്പെഷ്യൽ ആംഡ് പോലീസിൽ ക്ലറിക്കൽ ജോലി ചെയ്യുന്ന ദിവസവേതനക്കാർ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|---|
| (എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസിൽ റിക്രൂട്ട് ട്രെയിനിംഗിനോടനുബന്ധിച്ച് കുക്ക്, ബാർബർ, സ്വീപ്പർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; | (എ) | 33 പേരെ നിയമിച്ചിട്ടുണ്ട് |
| (ബി) ആയതിൽ എത്ര പേരെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) | ആയതിൽ ആരെയും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യിക്കുന്നില്ല |
| (സി) അവർ ആരൊക്കെയാണെന്നും എന്നു മുതൽ ഇത്തരത്തിൽ ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുമോ ; | (സി) | ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല |
| (ഡി) ഇരുപതു വർഷമായി ഹവിൽദാർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയത് മേൽപറഞ്ഞ രീതിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരനായിരുന്നു എന്ന 11.06.2012 ലെ മലയാള മനോരമ പത്രത്തിലെ വാർത്ത വാസ്തവമാണോ ; | (ഡി) | വാസ്തവമല്ല |
| (ഇ) മേൽപറഞ്ഞ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന രാജേന്ദ്രൻ, ലിസി, ശോഭ, ജോർജ്ജ്, രാജേഷ് എന്നിവർ ഇപ്പോൾ ക്ലറിക്കൽ ജോലിയാണു ചെയ്യുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) ഉണ്ടെങ്കിൽ ആയത് എന്നു വരെ തുടരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (എഫ്) | ഉത്തരം (ഇ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ